LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇന്നലെ ആലുവ അംഗം ശ്രീ. അൻവർ സാദത്ത് ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഞങ്ങളത് ചർച്ച ചെയ്തിരുന്നു. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മണ്ഡലത്തിലെ വല്ലത്തെയും ആലുവ നിയോജകമണ്ഡലത്തിലെ പാറപ്പുറത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പെരിയാറിന് കുറുകെ പാറപ്പുറം-വല്ലംകടവ് പാലം നിർമ്മാണത്തിന് 2016-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയെങ്കിലും നിശ്ചിതസമയത്തിനകം പൂർത്തിയാക്കുവാൻ കരാറുകാരൻ തയ്യാറായിട്ടില്ല. ഇതേത്തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്തത്. ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു. മൂന്നാമത്തെ ടെണ്ടറിൽ ക്വാട്ട് ചെയ്യപ്പെട്ടതുക എസ്റ്റിമേറ്റിനേക്കാളും 16.93% അധികമായതിനാൽ ഇതിന് സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. ആ സാഹചര്യത്തിൽ ടെണ്ടറിന് അനുമതി നൽകണമോയെന്ന കാര്യം പൊതുമരാമത്ത് വകുപ്പ് പരിശോധിക്കുകയാണ്. ധനപരവും സാങ്കേതികപരവുമായ പരിശോധനകൾക്കു ശേഷമാണ് തീരുമാനമെടുക്കുക. അക്കാര്യത്തിൽ അധികം വൈകാതെതന്നെ വകുപ്പ് നടപടികൾ സ്വീകരിക്കും. ധനവകുപ്പിന്റെകൂടി പരിശോധനയ്ക്കുശേഷം മറ്റ് നടപടികളിലേയ്ക്ക് കടക്കാം. അതിനുശേഷം ഇതുമായി ബന്ധപ്പെട്ട രണ്ട് എം.എൽ.എ.-മാരുമായി ചർച്ചയാകാം.

(7) എൻ.ജി.ഒ. ക്വാർട്ടേഴ്സ് പുതുക്കിപ്പണിയൽ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ ദുരവസ്ഥയെക്കുറിച്ച് സൂചിപ്പിക്കാനാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. കോഴിക്കോട് ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നായ കോഴിക്കോട്-കൊല്ലഗൽ 266 നാഷണൽ ഹൈവേയുടെ സമീപത്തുള്ള പതിനാറ് ഏക്കറോളം സ്ഥലത്ത് അറുപത് വർഷങ്ങൾക്കുമുമ്പ് നിർമ്മിക്കപ്പെട്ടിട്ടുള്ള ചെറിയ കെട്ടിടങ്ങളാണ് സ്ഥിതി ചെയ്യുന്നത്. പുരുഷൻമാർക്കും സ്ത്രീകൾക്കുംവേണ്ടി നാലുനില കെട്ടിടമുള്ള രണ്ട് ഹോസ്റ്റലുകളുമുണ്ട്. അതും ഇരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് നിർമ്മിക്കപ്പെട്ടതാണ്. വളരെ പരിതാപകരമായ അവസ്ഥയിലാണ് ഈ കെട്ടിടങ്ങൾ ഇന്ന് സ്ഥിതി ചെയ്യുന്നത്. അവിടെ ഒരു സെന്റ് സ്ഥലത്തിന് ഏകദേശം 20-25 ലക്ഷം രൂപയെങ്കിലും കൊടുക്കണം. ഇപ്പോൾ റോഡിന്റെ അക്വിസിഷനുവേണ്ടി മാത്രം 25 ലക്ഷം രൂപയാണ് വിലയായി നൽകുന്നത്. ഇത്രയും വിലയുള്ള സ്ഥലത്ത് പത്തറുപത് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ടിട്ടുള്ള ചെറുതും അങ്ങേയറ്റം പരിതാപകരവുമായ കെട്ടിടങ്ങളാണ് ഇപ്പോഴുള്ളത്. ഇതുമാറ്റി പത്ത് നിലയെങ്കിലുമുള്ള മൾട്ടിസ്റ്റോറി ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ട് ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ ശ്രമിക്കണം. അതിനൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ പി.പി.പി.-മാതൃകയിലോ മറ്റെന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലോ ചെയ്യാൻ ശ്രമിക്കണം. കാരണം commercial value കൂടുതലുള്ള സ്ഥലമാണിത്. അത്തരമെന്തെങ്കിലും സംരംഭങ്ങൾക്ക് മുതിർന്നെങ്കിൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ഞാൻ അവിടെ സന്ദർശിച്ചപ്പോൾ അതിനുള്ളിൽ മുഴുവൻ പാമ്പുകളെയും നായ്ക്കളെയും കാണാനിടയായി. പല ഭാഗത്തും മതിലില്ല. അവിടത്തെ ഭൂരിഭാഗം കാര്യങ്ങളും മന്ത്രിക്ക് അറിയാമെന്നുള്ളതുകൊണ്ട് അദ്ദേഹത്തിനോട് ഇതിനെക്കുറിച്ചൊന്നും പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. അവിടെ ഫയർ സ്റ്റേഷനും വില്ലേജ് ആഫീസും ഹയർ സെക്കണ്ടറി സ്കൂളുമുണ്ട്. ഗവൺമെന്റ് ആവശ്യത്തിന് ധാരാളം ഭൂമി ആവശ്യമുള്ളൊരു കാലമാണിത്. അക്വിസിഷൻ നടത്താനുള്ള സാമ്പത്തിക പ്രയാസംകൊണ്ട് പലതും നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ട്. അഞ്ചേക്കർ സ്ഥലത്ത് ഇക്കാര്യങ്ങളെല്ലാം നിർവ്വഹിച്ചുകൊണ്ട് ബാക്കി സ്ഥലം മറ്റാവശ്യത്തിനുകൂടി ഉപയോഗപ്പെടുത്താവുന്നതാണ്. അതിനുള്ള ശ്രമം നടത്തി ഇതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് ചേവായൂർ വില്ലേജിലെ എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ ദുരവസ്ഥയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ഇവിടെ സബ്മിഷനിൽ ഉന്നയിച്ചത്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 16.65 ഏക്കർ ഭൂമിയിലാണ് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നത്. 207 ക്വാർട്ടേഴ്സുകൾ അവിടെയുണ്ട്. ഈ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുകയും ഇവിടെയുള്ള എല്ലാ കെട്ടിടങ്ങളും ജീർണ്ണാവസ്ഥയിൽ എത്തിനിൽക്കുകയുമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ ക്വാർട്ടേഴ്സുകൾ പുനർനിർമ്മിക്കണമെന്ന ആവശ്യം അനുഭാവപൂർണ്ണമായാണ് കാണുന്നത്. ഇതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ പോരായ്മകൾ ശക്തമായി വിമർശിക്കാറുണ്ട്. വിമർശിക്കുകയും വേണം. എന്നാൽ അവരുടെ താമസമുൾപ്പെടെയുള്ള ന്യായമായ ആവശ്യങ്ങൾ പൊതുവെ പരിശോധിക്കപ്പെടേണ്ടതുമാണ്. നല്ല താമസ സൗകര്യം ഒരുക്കണമെന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ നിലപാട്. ഘട്ടംഘട്ടമായി ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയാണ്.

(8) റോഡ് നവീകരണ പ്രവൃത്തി

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ളിയേരി-കുറ്റ്യാടി ചൊവ്വ റോഡിന്റെ നവീകരണ പ്രവൃത്തി സംബന്ധിച്ച വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട